പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1340** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഡിജിറ്റൽ റീ സർവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഡിജിറ്റൽ റീ സർവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏതുവരെയായി എന്നും ആയത് പൂർത്തിയാകുന്നതോടെ എന്തെല്ലാം ഗുണങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുക എന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ആകെ 839 വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. അതിൽ 266 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 120 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 214 വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ച് വരുന്നതും, 239 വില്ലേജുകളിൽ ഡിജിറ്റൽ സർവെ സംബന്ധമായ പ്രാഥമിക ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

പദ്ധതി പൂർത്തിയാകുന്നതോടെ സർവെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, ഇതിലൂടെ ജനങ്ങൾക്ക് കൃത്യമായ ഭൂരേഖകളും സ്കെച്ചും ലഭ്യമാകുന്നതും, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി നിർവ്വഹിക്കുന്നതിനും സാധിക്കുന്നതാണ്. ഭൂമിയുടെ കൃത്യമായ ഡിജിറ്റൽ സ്കെച്ച് തയ്യാറാക്കുന്നതിലൂടെ അതിർത്തി സംബന്ധമായ തർക്കങ്ങൾ കുറയ്ക്കുന്നതിനും സാധിക്കും. കൂടാതെ, തണ്ടപ്പേർ വിവരങ്ങളും ആധാരവിവരങ്ങളും ഡിജിറ്റലായി ബന്ധിപ്പിക്കുന്നതിലൂടെ ഭൂമിയുമായി ബന്ധപ്പെട്ട സേവനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും ബാങ്ക് വായ്പകൾ, ഭൂമി കൈമാറ്റം, രജിസ്ട്രേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള നടപടികൾ സുഗമമാക്കുന്നതിനും സാധിക്കും. കേരളത്തിന്റെ ഭൂപ്രകൃതി വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാക്കാൻ കഴിയുന്ന വിധത്തിൽ സമഗ്രമായ GIS ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും ഡിജിറ്റൽ സർവെ

പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നു. ഇപ്രകാരം ലഭിക്കുന്ന 'Multipurpose Cadastral Map' ൽ സംസ് ഥാനത്തെ വിവിധ വകുപ്പുകളിലെ വിവരങ്ങൾ കൂടി രേഖപ്പെടുത്തി വിവിധങ്ങളായ വികസനപ്രവർത്തനത്തിന് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ദുരന്ത നിവാരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ GIS മാപ്പുകൾ ആവശ്യമായിട്ടുള്ള എല്ലാ സർക്കാർ വകുപ്പുകൾക്കും സർവെ മാപ്പുകൾ അടിസ്ഥാന രേഖയായി (Base map) ഉപയോഗിക്കുന്നതിന് സാധിക്കുന്നതും, തങ്ങളുടെ വിവരങ്ങൾ കൂട്ടി ചേർത്ത് തനത് ആവശ്യത്തിലേക്കായി ഡിജിറ്റൽ മാപ്പുകൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നതുമാണ്.

**(ബി)** ഡിജിറ്റൽ റീ സർവേ നടപടികൾ ഏതു വർഷത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഡിജിറ്റൽ റീ സർവേ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂനികുതി അടക്കൽ, ഭൂമി രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച് നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

**<u>മറുപടി:</u>** ഡിജിറ്റൽ സർവെയുടെ പ്രവർത്തനങ്ങളും അനുഭവങ്ങളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കൃത്യതയോടെയും സുതാര്യതയോടെയും ജനസൗഹൃദമായും, പരമാവധി പരാതികൾ ഒഴിവാക്കിയും (Zero LRM) ഡിജിറ്റൽ സർവെ പുനരാരംഭിക്കുന്നതിനായി Digital Survey 2.0 എന്ന പരിഷ്കരിച്ച സംവിധാനം 2026 നവംബർ 1 മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിലൂടെ ശേഷിക്കുന്ന വില്ലേജുകളിലെ സർവെ നടപടികൾ ഘട്ടം ഘട്ടമായും, സമയബന്ധിതമായും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂനികുതി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ ഭൂമിയുടെ വിസ്തീർണത്തിൽ കുറവ് കാണുന്ന സാഹചര്യത്തിൽ, വില്ലേജ് ഓഫീസർ ഒറ്റത്തവണ പരിശോധന ( OTC) പൂർത്തിയാക്കിയശേഷം ഡിജിറ്റൽ ബേസിക് ടാക്സ് രജിസ്റ്റർ (d-BTR) അടിസ്ഥാനമാക്കി ഭൂനികുതി സ്വീകരിക്കുന്നതിന് സ.ഉ. (കൈ) നം. 7/2025/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി, ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണത്തേക്കാൾ കൂടുതൽ വിസ്തീർണം ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ചിൽ (DPMS) ഉൾപ്പെട്ടിട്ടുള്ളതും, തർക്കരഹിതവുമായ ഭൂമിയുടെ വിവരങ്ങൾ പ്രമാണത്തിൽ വ്യക്തമായി രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്നതിന് നികുതി വകുപ്പിന്റെ ജെ2/64/2026/നി.വ. നമ്പർ കത്ത് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**